ഗവൺമെന്റിനും ഭൂഷണമല്ല, ഒരു മന്ത്രിക്കും ഭൂഷണമല്ല എന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. ഞങ്ങൾ കാർഡ് വേണ്ടായെന്നുള്ള അഭിപ്രായക്കാരല്ല. ഞങ്ങൾ പറഞ്ഞത് ഈ ഫോം പിൻവലിക്കണം. .....(ബഹളം)..... ഞങ്ങൾ പറഞ്ഞത്, നിലവിലുള്ള ഈ ഫോം പിൻവലിക്കുക, ഈ ഫോം പൂരിപ്പിച്ചുകൊടുക്കണമെന്നുള്ള നിങ്ങളുടെ നിർബന്ധബുദ്ധി ഉപേക്ഷിക്കുക. നിങ്ങൾ പറയുന്നല്ലോ ഇത് കൺസ്യൂമറെ സഹായിക്കാൻ വേണ്ടിയാണെന്ന്. എങ്കിൽ ചർച്ച യാകാം. ഇവിടത്തെ ഉപഭോക്തൃസംഘടനകളെന്നു പറയുന്നത് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ പോഷക സംഘടനകൾ അല്ലല്ലോ. ഇവിടത്തെ ഉപഭോക്തൃ സംഘടനകൾ, ഇലക്ട്രിസിറ്റി ബോർഡിലെ ട്രേഡ് യൂണിയനുകൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരെ ചർച്ചയ്ക്ക് ക്ഷണിക്കുക, ചർച്ച യിൽ ഈ കാർഡ് ഏർപ്പെടുത്തുന്നത് ഉപഭോക്താക്കൾക്ക് ഗുണമാണെന്ന് ബഹു. മന്ത്രിക്ക് ബോദ്ധ്യപ്പെടുത്താൻകഴിഞ്ഞാൽ കാർഡ് ഏർപ്പെടുത്താം. അതല്ല ഉപഭോക്തൃ സംഘടനകൾക്ക് ഒന്നടങ്കം, ഇത്, വേണ്ടെന്നുള്ള അഭിപ്രായമാണെങ്കിൽ വേണ്ട. ഇതാണ് ഞങ്ങളുടെ നിലപാട്. അതുകൊണ്ട് നിങ്ങൾ ചർച്ചയ്ക്ക് തയ്യാറാകണം. നിങ്ങൾ പിടിവാശി ഉപേക്ഷിക്കണം. അതുപോലെ 66 ലക്ഷം പേരിൽനിന്ന് ഒരു കാർഡിന് 10 രൂപ വച്ച് മേടിച്ച് ആറു കോടി അറുപത് ലക്ഷം രൂപ ഞെക്കിപ്പിഴിയാനുള്ള തീരുമാനം പിൻവലിക്കണം, ഏറ്റവും ന്യായമായ, ഏറ്റവും മിതമായ, കേരളത്തിലെ 66 ലക്ഷത്തോളം വരുന്ന ഇലക്ട്രിസിറ്റി ഉപഭോക്താക്കളുടെ പൊതുവികാരം ഞങ്ങൾ ഉന്നയിക്കുന്നതുകൊണ്ട് തൽക്കാലത്തേക്കെങ്കിലും ഈ ഫോം പിൻവലിക്കുക. അതു കഴിഞ്ഞ് ഉപഭോക്തൃ സംഘടനകളുമായി ചർച്ചയാകാം, രാഷ്ട്രീയ പാർട്ടികളെ വിളിക്കാൻ ഇഷ്ടമില്ലെങ്കിൽ വേണ്ട, പ്രതിപക്ഷത്തെ വിളിക്കാൻ ഇഷ്ടമില്ലെങ്കിൽ വേണ്ട. കുറഞ്ഞത് ഉപഭോക്തൃ സംഘടനകളെയെങ്കിലും വിളിച്ച് അവരുമായി ചർച്ച ചെയ്തതിനുശേഷം കാർഡ് വേണമോ, വേണ്ടയോ, കാർഡ് വേണമെങ്കിൽ അതിൽ ഉൾപ്പെടുത്തേണ്ട ചോദ്യാവലി എന്തൊക്കെയാണ് എന്ന് തീരുമാനിക്കാനുള്ള, ഇവിടത്തെ ഉപഭോക്താക്കൾക്കുവേണ്ടി മാത്രമുള്ള, ഒരു കക്ഷിരാഷ്ട്രീയവുമില്ലാത്ത, ന്യായമായ, ഏറ്റവും മിതമായ ഡിമാന്റ് പോലും അംഗീകരിക്കാൻ തയ്യാറാകാത്ത ഈ ഗവൺമെന്റിന്റെ പിടിവാശിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോവുകയും അല്പ സമയത്തിനുള്ളിൽ തിരിച്ചുവരികയും ചെയ്തു.)

(2) കുന്നത്തൂർ താലൂക്കിലെ പട്ടികജാതി വിദ്യാർത്ഥിനിയെ പീഡിപ്പിച്ച പ്രതിയെ അറസ്റ്റു ചെയ്യുന്നതു സംബന്ധിച്ച്

ശ്രീ. ടി. നാണു മാസ്റ്റർ : സർ, കൊല്ലം ജില്ലയിൽ കുന്നത്തൂർ മണ്ഡലത്തിൽപ്പെട്ട നൂറനാട് തെക്ക്പഞ്ചായത്തിലെ കിടങ്ങയം ലക്ഷംവീട്ടിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട സൂര്യ എന്ന 10 വയസ്സുകാരി ആയ വിദ്യാർത്ഥിനി ക്രൂരമായ ലൈംഗിക പീഡനത്തിന് വിധേയയായിരിക്കുകയാണ്. 2000 ഫെബ്രുവരി 4-ന് ഉച്ചയ്ക്കാണ് ഈ സംഭവം നടന്നത്. അതേ പഞ്ചായത്തിൽ കിടങ്ങയം നടുവിൽ മഞ്ജു ഭവനത്തിൽ ബാലകൃഷ്ണപിള്ളയാണ് ഈ ക്രൂരമായ പീഡനം നടത്തിയിട്ടുള്ളത്. സ്കൂളിൽ പോകുന്ന ഈ പിഞ്ചുകുട്ടിയെ അനുനയപൂർവം സ്വാധീനിച്ച് അതിക്രൂരമായ പീഡനങ്ങൾ ഏല്പിക്കയാണ് ചെയ്തത്. അതിനുശേഷം അബോധാവസ്ഥയിലായ ആ ബാലി

LIBRARY ARCHIVES Kerala Legislative Assembly

കയെ കൊല്ലം ജില്ലാ ആശുപത്രിയിലും പിന്നീട് ശാസ്താംകോട്ട ആശുപത്രിയിലും ചികിത്സിപ്പിക്കുകയുണ്ടായി. ജില്ലാ ആശുപത്രിയിൽനിന്ന് പറഞ്ഞുവിടുകയാണ് ചെയ്തത്. അതിനുശേഷം ശാസ്താംകോട്ട ആശുപത്രിയിൽ ചികിത്സിച്ചു. എന്നാൽ ആവശ്യത്തിന് ചികിത്സാ ഉപാധികൾ ഉണ്ടാക്കുന്നതിനുള്ള സാമ്പത്തിക ശേഷിപോലും ആ പാവപ്പെട്ട കുടുംബത്തിനില്ല. അതാണ് സ്ഥിതി. ഇതു സംബന്ധിച്ച് മാതാവിൽനിന്ന് ലഭിച്ചിട്ടുള്ള ഒരു പരാതി ഞാൻ തന്നെ നേരിട്ട് ബഹു. മുഖ്യമന്ത്രിക്ക് കൊടുക്കുകയുണ്ടായി. അവിടെ ഈ സംഭവത്തിൽ പ്രതിഷേധിച്ച് ആക്ഷൻ കൗൺസിൽ ഉണ്ടായി. നിരവധി രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പ്രതിഷേധയോഗം സംഘടിപ്പിക്കുകയുണ്ടായി. എന്നിട്ടും ഇതുവരെയായും ആ പ്രതിയെ അറസ്റ്റു ചെയ്യാൻ കഴിഞ്ഞിട്ടില്ല. പ്രതിയെ അറസ്റ്റുചെയ്താൽ മാത്രം പോരാ, അട്രോസിറ്റീസ് ആക്ട് പ്രകാരം ഡി.വൈ.എസ്.പി.യുടെ റാങ്കിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥനെക്കൊണ്ട് കാര്യങ്ങൾ അന്വേഷിപ്പിച്ച് കേസ്സ് ചാർജ്ജ് ചെയ്ത് പ്രതിയെ കസ്റ്റഡിയിൽ എടുക്കണം. ഈ പ്രതി ഒരു വിമുക്തഭടനാണ്. ഉന്നത സ്വാധീനമുള്ള ആളാണ്. ഇതുകാരണം പോലീസ് തിരയുന്നുണ്ടെങ്കിലും ഇതുവരെ കസ്റ്റഡിയിൽ എടുക്കാൻ കഴിഞ്ഞിട്ടില്ല. പ്രതി കേരളത്തിനു പുറത്ത് പോയിട്ടുണ്ടെന്നാണ് സംശയിക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രതിയെ അറസ്റ്റ് ചെയ്ത് വളരെ ഗൗരവമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസ മേനോൻ) : സർ, കൊല്ലം കിടങ്ങയംനടുവിൽ ലക്ഷംവീട് കോളനിയിൽ ശ്രീമതി സുശീലയുടെ മകൾ 10 വയസ്സുള്ള സൂര്യയെ അയൽവാസിയും എക്സ് സർവ്വീസുകാരനുമായ ബാലകൃഷ്ണപിള്ള 4-2-2000 ഉച്ചയ്ക്ക് ബലാൽസംഗം ചെയ്തു. പെൺകുട്ടി ശാസ്താംകോട്ട ആശുപത്രിയിൽ ചികിത്സയിലാണ്. ഇത് സംബന്ധിച്ച് ഇൻഡ്യൻ ശിക്ഷാ നിയമം 376-ാം വകുപ്പ് പ്രകാരവും പട്ടിക വർഗ്ഗ പീഡന നിരോധന നിയമപ്രകാരവും ക്രൈം 26/2000 നമ്പറായി ശൂരനാട് പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒളിവിൽ പോയ പ്രതിയെ, എക്സ് സർവീസ്മെൻ ആയിട്ടുള്ള പ്രസ്തുത ബാലകൃഷ്ണപിള്ളയെ, കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിന് ഊർജ്ജിതമായ അന്വേഷണം നടന്നുവരുന്നു.

(3) മുടങ്ങിക്കിടക്കുന്ന കായംകുളം ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, കായംകുളം ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം മുടങ്ങിക്കിടക്കുന്നതുമൂലം ഉളവായിരിക്കുന്ന വളരെ ഗുരുതരമായ സ്ഥിതിവിശേഷം ഗവൺമെന്റിന്റേയും ഈ സഭയുടേയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. നീണ്ടകര മുതൽ ഫോർട്ട് കൊച്ചി വരെയുള്ള 150 കിലോമീറ്റർ കടൽത്തീരത്തുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു ഫിഷിംഗ് ഹാർബർ ആണ് കായംകുളം ഫിഷിംഗ് ഹാർബർ. പതിനായിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ ആശ്രയിക്കാവുന്ന, മത്സ്യമേഖലയിൽ വലിയ ഉണർവ് ഉണ്ടാക്കാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രോജക്ടാണ് കായംകുളം ഫിഷിംഗ് ഹാർബർ. 1996-ൽ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയും ടൂറിസം വകുപ്പുമന്ത്രിയും പങ്കെടുത്ത് അതിന്റെ പ്രവർത്തനോദ്ഘാടനം നടത്തിയെങ്കിലും ആ വർക്ക് ഇപ്പോൾ സ്തംഭിച്ചു കിടക്കുകയാണ്. 6.24 കോടി രൂപയായിരുന്നു അതിന്റെ ഒറിജിനൽ എസ്റ്റിമേറ്റ്. ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly